**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 376** **02-07-2024 - ൽ മറുപടിയ്ക്ക്**

**കേരള നാടൻകലാ അക്കാദമിയുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദലീമ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരള നാടൻകലാ (ഫോക് ലോർ) അക്കാദമിയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. നാടൻകലാ അക്കാദമിയുടെ കീഴിൽ നിലവിൽ കോട്ടയത്ത് മണിമലയിൽ ട്രാവൻകൂർ ഫോക് വില്ലേജ്, കണ്ണൂർ കണ്ണപുരത്ത് കലാഗ്രാമം എന്നിവ പ്രവർത്തിക്കുന്നുണ്ട്. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് കാസർഗോഡ് ജില്ലയിലെ കൊടക്കാട് കണ്ണപ്പെരുവണ്ണാൻ തെയ്യം പഠന ഗവേഷണ കേന്ദ്രം അനുവദിക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതാണ്. പാലക്കാട് ആർക്കിയോളജി വകുപ്പുമായി സഹകരിച്ച് മ്യൂസിയം പ്രവർത്തിക്കുന്നുണ്ട്. തൃശ്ശൂരിൽ കലാഭവൻ മണി സ്മാരകം നിർമ്മിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത അക്കാദമിയെ നാടൻ കലകളുടെ ഗവേഷണത്തിനുള്ള ഒരു കേന്ദ്രമായി വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | നാടോടി വിജ്ഞാനത്തിന്റെ ഒരു പ്രധാന പഠന കേന്ദ്രമായാണ് ഫോക് ലോർ വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്. ഈ സ്ഥാപനത്തിൽ പഠന ഗവേഷണങ്ങൾക്ക് ഉപയോഗപ്പെടുന്ന ഒരു മികച്ച ലൈബ്രറി സജ്ജമാണ്. ഫോക് ലോർ അക്കാഡമിയെ ഒരു ഗവേഷണകേന്ദ്രമാക്കി വികസിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | നാടൻ കലകളുടെ സംരക്ഷണത്തിനായി ഡിജിറ്റൽ ഡോക്യുമെന്റേഷൻ ഉൾപ്പെടെയുള്ളവ ചെയ്യാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;? | (സി) | ഡിജിറ്റൽ സർവ്വകലാശാലയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി ഡിജിറ്റൽ ഡോക്യുമെന്റേഷൻ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്ന വിഷയം അക്കാദമി പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ